# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4997 28.10.2016 ൽ മറുപടിയ്ക്ക്**

## ഹരിത കേരളം കൺസോർഷ്യം മിഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ബാബു**<br>**ശ്രീ.പുരുഷൻ കടലുണ്ടി**<br>**ശ്രീ.കാരാട്ട് റസാഖ്**<br>**ശ്രീ.ഡി.കെ. മുരളി** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |

എ) സംസ്ഥാനത്ത് ഹരിത കേരളം കൺസോർഷ്യം മിഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതിലൂടെ നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

എ) ഉണ്ട്. ശുചിത്വം - മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംസ്കരണം എന്നീ മൂന്ന് മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇതിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതോടനുബന്ധിച്ച് 28.09.2016-ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (പി) നം.41/2016/ആ.സാ.വ പ്രകാരം ഹരിത കേരളം പദ്ധതിയിൻ കീഴിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**എ) ശുചിത്വം - മാലിന്യ സംസ്കരണം**

i) ഓരോ വീട്ടിലെയും മാലിന്യ സംസ്കരണ രീതി വിലയിരുത്തുക, ജൈവ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് എന്നിവ പ്രായോഗികമാക്കുന്നതിന് വീട്ടുകാരെ സജ്ജമാക്കുക.

ii) ചന്തകൾ, അറവുശാലകൾ, കല്യാണ മണ്ഡപങ്ങൾ എന്നിവയിലെ മാലിന്യ സംസ്കരണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ നടപ്പിലാക്കുക.

iii) ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് കർശനമായി തടയുകയും ഉറവിട മാലിന്യ സംസ്കരണം സമൂഹത്തിൽ വ്യാപിപ്പിക്കുകയും ചെയ്യുക.

iv) ബയോഗ്യാസ് സംവിധാനങ്ങൾ, തുമ്പൂർമുഴി മാതൃകയിലുള്ള വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ബ്ലോക്ക് അടിസ്ഥാനത്തിൽ പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, ആശുപത്രി മാലിന്യങ്ങൾ എന്നിവ സംസ്കരിക്കുന്നതിനുള്ള സങ്കേതങ്ങൾ എന്നിവ സജ്ജമാക്കുക.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ശുചിത്വ - മാലിന്യ സംസ്കരണ മിഷനിലൂടെയാണ് നടപ്പിലാക്കുന്നത്.

**ബി) <u>കൃഷി വികസനം</u>**

i) മാലിന്യ സംസ്കരണ സങ്കേതങ്ങൾ ഉപയോഗിച്ച് ജൈവകൃഷിക്ക് അനുയോജ്യമായ പശ്ചാത്തലമൊരുക്കുക, വീട്ടുവളപ്പിൽ കൃഷി വ്യാപിപ്പിക്കുക.

ii) പച്ചക്കറിയിലും മറ്റ് അടിസ്ഥാന കൃഷി ഉല്പന്നങ്ങളിലും സ്വയംപര്യാപ്തത നേടാനുതകുന്ന വിധത്തിൽ പൊതുവായ ഇടപെടൽ നടത്തുക.

iii) ജില്ലയിൽ തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്കു വേണ്ടി ഉപയോഗപ്പെടുത്താനുള്ള നടപടി സ്വീകരിക്കുക.

iv) പ്രാദേശികമായി സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ വ്യാപകമായ പച്ചക്കറി കൃഷി, ഇതര കൃഷി രീതികൾ പ്രാബല്യത്തിൽ കൊണ്ടുവരിക.

v) കാർഷിക ഉല്പന്നങ്ങളെ വിപണിയുമായി ബന്ധിപ്പിക്കുവാനുള്ള സംവിധാനങ്ങൾ ഒരുക്കുക.

vi) ജൈവവളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ കൃഷി വികസന മിഷനിലൂടെയാണ് നടപ്പിലാക്കുന്നത്.

**സി) <u>ജലസംരക്ഷണം</u>**

i) നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പുവരുത്തുക.

ii) പ്രാദേശികതലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുക.

iii) വ്യാപകമായി മരങ്ങൾ വച്ചുപിടിപ്പിക്കുക.

iv) ശാസ്ത്രീയ സംയോജിത നീർത്തട വികസനത്തിനനുയോജ്യമായ രീതിയിൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

v) പൊതു ഉടമസ്ഥതയിലുള്ള ജലസ്രോതസ്സുകൾ, കനാലുകൾ, കുളങ്ങൾ തുടങ്ങിയവ ശുചീകരിക്കുന്നതിനും പ്രാദേശിക ജലസേചന - കുടിവെള്ള സ്രോതസ്സുകളായി അവയെ പരിവർത്തനപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുക.

vi) കിണറുകളുടെ ശുചീകരണം, മഴവെള്ള റീചാർജ്ജിംഗ്, സംഭരണം എന്നിവ ഉറപ്പാക്കുവാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.

മേൽപ്പറഞ്ഞ കാര്യങ്ങൾ ജലവിഭവ മിഷൻ വഴിയാണ് നടപ്പിലാക്കുന്നത്.

ശുചിത്വ - മാലിന്യ സംസ്കരണ മിഷൻ, കൃഷി വികസന മിഷൻ, ജലവിഭവ മിഷൻ എന്നിവയുടെ ഏകോപിത പ്രവർത്തനമാണ് ഹരിത കേരളം പദ്ധതി വിഭാവന ചെയ്യുന്നത്.

| | | | |
|---|---|---|---|
| ബി) | പ്രസ്തുത മിഷന്റെ ഘടന എപ്രകാരമായിരിയ്ക്കുമെന്ന് വ്യക്തമാക്കാമോ; | ബി) | സംസ്ഥാനതല ഹരിത കേരളം മിഷന്റെ ഘടന താഴെപ്പറയും പ്രകാരമാണ്.<br>അദ്ധ്യക്ഷൻ - മുഖ്യമന്ത്രി<br>സഹ അദ്ധ്യക്ഷൻ - മുൻ മന്ത്രി /മുൻ എം എൽ എ / മുൻ എം പി<br>ഉപഅദ്ധ്യക്ഷൻ - ധനകാര്യം, തദ്ദേശ സ്വയംഭരണം,കൃഷി, ജലവിഭവം, ആരോഗ്യം, വനം മന്ത്രിമാർ, ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ<br>ഉപദേഷ്ടാവ് - സീനിയർ നിലവാരത്തിലുള്ള ഒരു ശാസ്ത്രജ്ഞൻ<br>പ്രത്യേക ക്ഷണിതാവ് - പ്രതിപക്ഷ നേതാവ്<br>അംഗങ്ങൾ - ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശ സ്വയംഭരണം, ആരോഗ്യം, കൃഷി, ജലവിഭവം, ടൂറിസം, വിദ്യാഭ്യാസം, വനം), സംസ്ഥാനത്തെ മൂന്ന് ടാസ്ക് ഫോഴ്സുകളുടെ ചീഫ് എക്സിക്യൂട്ടീവുകൾ<br>മിഷൻ സെക്രട്ടറി - ആസൂത്രണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി |
| സി) | യുവജന സംഘടനകൾ, വിദ്യാർത്ഥികൾ, മറ്റു സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ പങ്കാളിത്തം പ്രസ്തുത പദ്ധതിയിൽ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | സി) | ഓരോ പഞ്ചായത്തിലും അയൽക്കൂട്ടങ്ങൾ, വാർഡ്തല യോഗങ്ങൾ എന്നിവ വിളിച്ചു ചേർത്ത് അവരുമായി വിശദമായി ചർച്ച നടത്തി വാർഡുകൾ, പഞ്ചായത്തുതല പ്ലാനുകൾ തയ്യാറാക്കി പൊതുജന പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്. |

S. [signature]

**സെക്ഷൻ ഓഫീസർ**